

മുഹമ്മദ് ഇന്ന് ഭൂമിയിലേക്ക് തിരിച്ചുവരികയാണെങ്കിൽ താൻ ദൈവത്തിൽനിന്ന് സ്വീകരിക്കുകയും അനുചരന്മാർക്ക് നൽകുകയും ചെയ്ത അതേ ഖുർആൻ തന്നെയാണ് ഇപ്പോഴുമുള്ളത് എന്ന് നിസ്സംശയം തിരിച്ചറിയും

# അതുല്യം ഈ ഗ്രന്ഥം

ഡോ. ഇസ്മാഈൽ റാജി ഫാറൂഖി

മുഹമ്മദ് നബിയുടെ ജീവിതത്തിന്റെ ഒടുവിലത്തെ രണ്ടു ദശാബ്ദങ്ങളിലായി വിനിമയം ചെയ്യപ്പെട്ട ദൈവിക സന്ദേശങ്ങളാണ് ഖുർആൻ. മുഹമ്മദിന്റെ പ്രവാചകത്വവും ദൈവത്തിൽനിന്ന് മാലാഖ മുഖേന തനിക്ക് ലഭിച്ച സന്ദേശം എന്ന നിലയിൽ അവിടുന്ന് കൈമാറിയ ഖുർആനും പ്രവചനപ്രതിഭാസത്തിന്റെ ഏറ്റവും ഉന്നതവും പരമവുമായ വികാസത്തെ പ്രതിനിധീകരിക്കുന്നു. തനിക്ക് മുമ്പത്തെ മറ്റു പ്രവാചകന്മാരിൽനിന്ന് വ്യത്യസ്തമായി, മുഹമ്മദ് ഇന്ന് ഭൂമിയിലേക്ക് തിരിച്ചുവരികയാണെങ്കിൽ താൻ ദൈവത്തിൽനിന്ന് സ്വീകരിക്കുകയും അനുചരന്മാർക്ക് നൽകുകയും ചെയ്ത അതേ ഖുർആൻ തന്നെയാണ് ഇപ്പോഴുമുള്ളത് എന്ന് നിസ്സംശയം തിരിച്ചറിയും.

ഒരു കേടും പറ്റാതെ ഖുർആൻ അതേ പടി നിലനിൽക്കുന്നു. ഒരു കുത്തോ ശീർഷകമോ മാറിയിട്ടില്ല. സ്വരചിഹ്നങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. സുഗമമായ വായനയ്ക്കുവേണ്ടി അക്ഷരകല മെച്ചപ്പെട്ടതാക്കിയിട്ടുണ്ട്. പ്രവാചകന് മാലാഖയാൽ നിർദേശിക്കപ്പെട്ട അതേ ക്രമത്തിലാണ് അതിന്റെ സർഗങ്ങൾ. സർവോപരി പ്രവാചകനും സമകാലികരും സംസാരിച്ച ഭാഷ ഇന്നും സജീവമായി നിലനിൽക്കുന്നു. ദശലക്ഷക്കണക്കിനാളുകൾ അത് എഴുതുകയും വായിക്കുകയും സംസാരിക്കുകയും ചെയ്യുന്നു. അതിന്റെ വ്യാകരണവും വാക്യഘടനയും ശൈലികളും പ്രവാചകന്റെ കാലത്തേതുതന്നെ. ഖുർആൻ മനുഷ്യവംശത്തിന്റെ തുല്യതയില്ലാത്ത പ്രതിഭാസമാണെന്നാണ് ഇതെല്ലാം കാണിക്കുന്നത്.

## അക്ഷരംപ്രതി ദൈവികം

ഖുർആനിൽ 114 അധ്യായങ്ങളും 6236 വചനങ്ങളുമുണ്ട്. മക്കയിലും മദീനയിലുമായി അവതരിച്ചു. അതിനാൽ അധ്യായങ്ങളെ 'മക്കീ' എന്നും 'മദനീ' എന്നും പറയുന്നു. ആദ്യത്തെ ഏതാനും വെളിപാടുകൾ ഒഴിച്ചുനിർത്തിയാൽ ബാക്കി മിക്കവയും ഏതെങ്കിലും ഒരു സന്ദർഭവുമായി ബന്ധപ്പെട്ട് അവതരിച്ചവയാണ്. ഈ കാരണങ്ങളെ *അസ്ബാബുന്നുസൂൽ* (അവതരണഹേതുക്കൾ) എന്ന് പറയുന്നു. ഇവ മുഴുവനുമല്ലെങ്കിലും മിക്കതും പണ്ഡിതന്മാർക്ക് അറിയാം. വെളിപാടുകൾ ആദ്യം പ്രവാചകന്റെ ഓർമയിൽ ഉറച്ചു. പിന്നീട് അദ്ദേഹം സഖാക്കൾക്ക് അതേപടി കൈമാറി. അവരത് ഓർക്കുകയും പിന്നീട് രേഖപ്പെടുത്തുകയും ചെയ്തു. പ്രവാചകൻ മരിക്കുമ്പോൾ ഖുർആൻ പൂർണമായോ ഭാഗികമായോ മനഃപാഠമുള്ള 30,000 പേരുണ്ടായിരുന്നു. അവരിൽ ധാരാളം പേർ എഴുത്തും വായനയും വശമുള്ളവരായിരുന്നു. ഖുർആൻ മുഴുവനായോ ഭാഗികമായോ അവർ എഴുതിവച്ചു. തോൽ, അസ്ഥി, കല്ല്, മരം, തുണി, പാപ്പിറസ് ഇവയായിരുന്നു എഴുത്തുപകരണങ്ങൾ.

23 വർഷം കൊണ്ട് ക്രമശഃ ക്രമശഃയായാണ് ഖുർആൻ അവതരിച്ചത്. ഓരോ വർഷവും പ്രവാചകൻ സൂക്തങ്ങൾ ക്രമീകരിക്കുകയും പുനഃക്രമീകരിക്കുകയും ചെയ്തു. വ്രതമാസ(റമദാൻ)ത്തിലായിരുന്നു ഇത്. ജിബ്രീൽ വന്ന് സൂക്തങ്ങൾ ക്രമീകരിക്കേണ്ടതെങ്ങനെയെന്ന് നിർദേശിക്കുകയായിരുന്നു. അതുവരെ അവതരിച്ച സൂക്തങ്ങൾ

ജിബ്രീൽ നിർദേശിച്ച അധ്യായക്രമത്തിൽ പ്രവാചകൻ ജിബ്രീലിനെ ഓതിക്കേൾപ്പിച്ചു, പിന്നീട് ജനങ്ങളെയും. പ്രവാചകന്റെ ഈ മാതൃക പിന്തുടർന്ന് ലക്ഷക്കണക്കിന് മുസ്‌ലിംകൾ പതിനാലുനൂറ്റാണ്ടുകളായി ഖുർആൻ ഓർമയിൽനിന്ന് ആരാധനയായി പാരായണം ചെയ്തുവരുന്നു. മതവിധിയനുസരിച്ച്, നമസ്കാരത്തിലെ ഖുർആൻപാരായണം അശുദ്ധിയോ മരണമോ ഹേതുവായല്ലാതെ തടസ്സപ്പെടുന്നില്ല. എന്നാൽ, തെറ്റി പാരായണം ചെയ്താൽ പുറത്തുനിന്നുള്ള ഇടപെടൽ സാധുവാണ്; എന്നല്ല, അതനിവാര്യവുമാണ്. ആരാധനയിൽ ഏർപ്പെട്ടിരിക്കുന്ന ആർക്കും ശബ്ദമുയർത്തി ശരി കേൾപ്പിക്കാം.

ഖുർആൻ എഴുതപ്പെട്ടിട്ടുമുണ്ട്. എഴുത്തുവിദ്യ വശമില്ലാതിരുന്നതിനാൽ പ്രവാചകൻ വെളിപാട് എഴുതിവയ്ക്കാൻ ഒരെഴുത്തുകാരനെ ചുമതലപ്പെടുത്തി. മറ്റു പലരും അതെഴുതിവച്ചിരുന്നു. നബി മരിച്ച വർഷം എല്ലാ ഖുർആൻലിഖിതങ്ങളും സംഘടിപ്പിച്ച് ആഇശയുടെ വീട്ടിൽ സൂക്ഷിച്ചു. ഇസ്‌ലാം സ്വീകരിച്ച അനറബികളും ഉപദ്വീപിനു വെളിയിലുള്ളവരും തെറ്റായ രീതിയിൽ ഖുർആൻ പാരായണം ചെയ്യാൻ തുടങ്ങിയപ്പോൾ പന്ത്രണ്ടു വർഷങ്ങൾക്കു ശേഷം, പ്രവാചകന്റെ എഴുത്തുകാരെയെല്ലാം ഉൾപ്പെടുത്തി ഖുർആൻ ഒറ്റ ഗ്രന്ഥത്തിന്റെ രൂപത്തിൽ സമാഹരിക്കുന്നതിനായി ഒരു സമിതി രൂപവത്കരിക്കപ്പെട്ടു. ഒരു വർഷം കൊണ്ട് ദൗത്യം പൂർത്തിയായി. ഖുർആന്റെ അനേകം പകർപ്പുകൾ വിതരണം ചെയ്തു. ഇക്കൂട്ടത്തിൽപെട്ട പഴയ പ്രതികളിലൊന്ന് ബുഖാറയിൽ ഇപ്പോഴുമുണ്ട്. സ്വരചിഹ്നങ്ങളിലും ലേഖനകലയിലും വന്ന ചില പരിഷ്കാരങ്ങൾ മാറ്റിനിർത്തിയാൽ പ്രവാചകൻ തന്റെ സഹാക്കൾക്ക് ഓതിക്കൊടുത്ത ഖുർആൻ തന്നെയാണ് മുസ്‌ലിംഭവനങ്ങളിൽ ഇന്നുള്ളത്. ദശലക്ഷക്കണക്കിനാളുകൾക്ക് മനഃപാഠമുള്ളതും അതേ ഖുർആൻ തന്നെ.

ഇതല്ലാത്ത 'ചരിത്രം' ഖുർആന്റെ ഗ്രന്ഥവത്കരണത്തിനില്ല. സ്വരചിഹ്നങ്ങളുടെ ആകൃതിയിലും ലിപിയിലും വന്ന മാറ്റമല്ലാതെ മറ്റൊരു ചരിത്രം ഖുർആനെ സംബന്ധിച്ച് അന്വേഷിക്കാനില്ല. ഖുർആനിലെ നിർണിതമായ ഏതാനും പദങ്ങൾ അർഥത്തിൽ വ്യത്യാസമില്ലാത്തതും ഉച്ചാരണത്തിൽ മാത്രം നേരിയ വ്യത്യാസമുള്ളതുമായ പാഠഭേദങ്ങളോടെ പാരായണം ചെയ്യാം. ഈ ഉച്ചാരണഭേദങ്ങൾ പ്രവാചകൻ തന്നെ അംഗീകരിച്ചതാണ്. ഖുർആൻവ്യാഖ്യാനങ്ങളിൽ അവ വിശദീകരണസഹിതം രേഖപ്പെടുത്തിയിട്ടുമുണ്ട്. തലമുറകളിൽനിന്ന് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടുപോന്ന ഖിറാഅത്തുകൾ (പാരായണഭേദങ്ങൾ) ആണ് അവ. ഈ ഭേദങ്ങൾ ഖുർആന്റെ ആശയത്തെയോ രൂപത്തെയോ സത്തയെയോ ബാധിക്കുന്നില്ല. അവ നിലനിൽക്കുന്നത് പ്രവാചകൻ അംഗീകരിച്ചതിനാലാണ്. പാരായണം ചെയ്യുന്ന ആളുടെ പ്രാദേശിക ഉച്ചാരണവുമായി പൊരുത്തപ്പെടുന്നതാകയാലാണ് പ്രവാചകൻ അവയ്ക്ക് അംഗീകാരം നൽകിയത്. മക്കയിലെ പ്രബലഗോത്രമായിരുന്ന ഖുറൈശികളുടെ ഭാഷയിലാണ് ഖുർആൻ അവതരിച്ചത് എന്ന് മുസ്‌ലിംകൾ അംഗീകരിക്കുന്നു. അതുകൊണ്ടാണ് ഖുറൈശീപാരായണരീതി അടിസ്ഥാനവും മറ്റുള്ളവ താൽപര്യമുള്ളവർക്ക് സ്വീകരിക്കാവുന്ന അടിക്കുറിപ്പുകളിലെ പാരായണഭേദങ്ങളുമാവുന്നത്. ചില ഓറിയന്റലിസ്റ്റുകൾ ഈ വിഷയം പരിശോധിച്ചിട്ടുണ്ട്. വില്യം മൂർ എഴുതുന്നു: "ഖുർആനിലെ ഓരോ വചനവും മുഹമ്മദ് തന്നെ നിബന്ധിച്ചതാണ്. അത് മൗലികരൂപത്തിൽ മാറ്റമില്ലാതെ നിലനിൽക്കുന്നു. അനുമാനത്തിനപ്പുറം ഉറപ്പിച്ചുതന്നെ നമുക്കിതു പറയാൻ കഴിയും. ചുരുങ്ങിയപക്ഷം വോൻ ഹാമ്മറിന്റെ വിധിപ്രസ്താവത്തോട് വളരെ സമാനമായി നമുക്കു പറയാം, ഖുർആൻ തീർച്ചയായും മുഹമ്മദിന്റെ വാക്കുകളാണ് അഥവാ മുഹമ്മദീയർ കരുതുന്നതുപോലെ ദൈവത്തിന്റെ വാക്കുകളാണ്."[1] ഇങ്ങനെ ചരിത്രവും പാണ്ഡിത്യവും ഒരുവശത്തും വിശ്വാസം മറുവശത്തും എത്തിച്ചേരുന്ന വിധി പൂർണവും സമഗ്രവുമായി ഇവിടെ പൊരുത്തപ്പെടുന്നു. ഖുർആൻ മൂലപാഠത്തിന്റെ ചരിത്രപരതയും ഏകാഗ്രതയും നിസ്തർക്കം കുറ്റമറ്റതാണ്.

ഖുർആന്റെ സാഹിത്യം ഉത്കൃഷ്ടമാണെന്ന സൗന്ദര്യശാസ്ത്രപരമായ തീർപ്പ് വിശ്വാസത്തിന്റെ ഫലമായുള്ള പ്രഖ്യാപനമല്ല. സാഹിത്യവിശകലനം വഴി എത്തിച്ചേരുന്ന നിരൂപണപരമായ വിധിതീർപ്പാണത്. മുസ്‌ലിംകൾ മാത്രമല്ല അറബിഭാഷയുടെ സൗന്ദര്യവും സാഹിത്യവും അറിയുന്ന അമുസ്‌ലിംകളും ഇതംഗീകരിക്കുന്നു

താൻ നിരക്ഷരനാണെന്നും അതിനാൽ ഖുർആൻ സ്വയം രചിക്കാൻ സാധിക്കുന്നതല്ലെന്നും മുഹമ്മദ് സ്വയം പ്രഖ്യാപിക്കുകയും ഖുർആൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തന്റെ സമകാലീനർക്ക് നേരത്തേ അറിയുന്ന കാര്യവുമാണത്. ഖുർആനിലെ വാക്കുകളും വചനങ്ങളും ബാഹ്യസ്രോതസ്സിൽനിന്ന് നബിക്ക് ലഭിച്ചതാവാനേ തരമുള്ളൂ. ദിവ്യസന്ദേശവുമായി വന്ന ജിബ്രീൽ മാലാഖയാണ

തെന്ന് വെളിപാട് വ്യക്തമാക്കുന്നു. അതിനാൽ ഖുർആൻ പ്രതിവാക്യം വെളിപാടാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. പ്രവാചകന്റെ പ്രജ്ഞ അതിന്റെ സ്വീകരണിയായിരുന്നു. ദിവ്യവചനങ്ങൾ കലർപ്പുകൂടാതെ മുദ്രണം ചെയ്യപ്പെടുന്നതിനുള്ള സഹനം അതിനുണ്ടായിരുന്നു. 'ടേപ്‌റെക്കോർഡർ പോലെ പ്രവാചകൻ' എന്നത് ഹീബ്രു പ്രവാചകന്മാരെ സംബന്ധിച്ച് ചരിത്രത്തിൽ ആദ്യമായി യിരമ്യ പ്രഖ്യാപിച്ച പ്രവചനസിദ്ധാന്തമാണ്. ഇസ്‌ലാം അതിനെ പിന്താങ്ങുകയും നിസ്തുലമായ രീതിയിൽ സാക്ഷാത്കരിക്കുകയും ചെയ്തു.[2] പ്രവാചകന്റെ 'വക്ത്രത്തിൽ വയ്ക്കുകയായിരുന്നു' ദൈവത്തിന്റെ വചനം.[3] പൂർണമായ പരിശുദ്ധിയോടും ശക്തിയോടും കൂടിയല്ലാതെ പ്രവാചകന് ജനങ്ങൾക്ക് കൈമാറാൻ സാധ്യമല്ലാത്ത 'അഗ്നിഗോള'മായാണ് അത് വന്നത്.[4] ദൈവവചനം 'മോഷ്ടിച്ച'വർക്കും കളങ്കപ്പെടുത്തിയവർക്കും, തങ്ങളുടെ നാവുകൊണ്ട് പറഞ്ഞ് അത് ദൈവം പറഞ്ഞതാണെന്ന് പറയുന്നവർക്കുമെതിരെ യിരമ്യ നൽകിയ മുന്നറിയിപ്പുകൾ വൃഥാവിലായി.[5] അതേരീതിയിൽ തന്നെ, എന്നാൽ അതേക്കാൾ ശക്തമായി ഖുർആൻ പറഞ്ഞു: "നിശ്ചയം, നാം താങ്കൾക്ക് ഗ്രന്ഥം അവതരിപ്പിച്ചുതന്നിരിക്കുന്നു.......... വ്യക്തമായ അറബിഭാഷയിലാണ് നാമവതരിപ്പിച്ചത്........ നാമിത് അറബിയിൽ അവതരിപ്പിച്ചു........ നാമതു ഓതുമ്പോൾ ആ ഓത്ത് താങ്കൾ പിന്തുടരുക............ (നബി) നമ്മുടെ പേരിൽ വല്ല വാക്കുകളും കെട്ടിപ്പറഞ്ഞുണ്ടാക്കിയാൽ അദ്ദേഹത്തെ നാം ശക്തിയോടെ പിടികൂടുമായിരുന്നു."[6]

തികഞ്ഞ സത്യസന്ധതയോടെ മുസ്‌ലിംകൾ വെളിപാടിനെ കണക്കിലെടുത്തു. ആശയം, ഉള്ളടക്കം, ഭാഷ, രൂപം ഇവയിലെല്ലാം ഖുർആനെ പവിത്രവും ദൈവികവുമായി അവർ കണ്ടു. സാധ്യമായതിൽ ഏറ്റവും ഉന്നതമായ സ്ഥാനം അവരതിന് നൽകി. അതിനോടുള്ള ആദരം പ്രകടിപ്പിക്കുന്നതിന് ലോകത്തിലെ ഏറ്റവും സമ്പന്നമായ ദൃശ്യസൗന്ദര്യകലാസങ്കേതമായ കാലിഗ്രഫിയും കൈയെഴുത്തലങ്കാരവും പുസ്തകനിർമിതിയും അവർ കണ്ടുപിടിച്ചു.

സാധാരണവും പ്രായോഗികവുമായ ഗദ്യത്തിൽ വിരചിതമായ നിയമാവലികളായിരുന്നു ആദ്യകാല സെമിറ്റിക് വെളിപാടുകൾ. പിൽക്കാല വെളിപാടുകൾ ഭക്തിക്കും നന്മയ്ക്കും വേണ്ടിയുള്ള ഉദ്‌ബോധനങ്ങളും വിവരണങ്ങളുമായിരുന്നു. എന്നാൽ, അവയുടെയും ആഖ്യാനശൈലി സാധാരണവും ലളിതവുമായിരുന്നു. ഹീബ്രു പഴയ നിയമത്തിൽ സാഹിത്യഭംഗിയുള്ള ഒട്ടേറെ ഭാഗങ്ങളുണ്ട്. പക്ഷേ, ഹീബ്രു ബൈബിളിന്റെ ദിവ്യത്വത്തിൽ വിശ്വസിക്കുന്നവരാരും തന്നെ അതിന്റെ ദിവ്യത്വത്തിന് സാഹിത്യഭംഗിയെ ആധാരമാക്കുന്നില്ല. നേരെമറിച്ച്, ഗ്രന്ഥം ദൈവികമാണെന്ന വിശ്വാസത്തിന്റെ താൽപര്യപ്രകാരമാണ് സാഹിത്യഭംഗിയെ കുറിച്ച ആസ്വാദനം. ബൈബിൾ -ഹീബ്രു, ഗ്രീക്ക്, ഇംഗ്ലീഷ്- ദൈവവചനമാണെന്ന ക്രിസ്ത്യൻവിശ്വാസത്തിലുമുണ്ട് സൗന്ദര്യത്തിന് വിശ്വാസത്തോടുള്ള ആശ്രയം. ബൈബിൾ ദൈവികമാണെന്ന വിശ്വാസത്തിന്റെ അഭാവത്തിൽ അഥവാ, മനുഷ്യപ്രതിഭയിൽനിന്ന് ജനിക്കുന്ന കവിതയിൽനിന്നും സാഹിത്യത്തിൽനിന്നും വ്യത്യസ്തമായ അർഥപ്രചോദനമാണ് ദിവ്യത്വം എന്ന് വിലയിരുത്തുമ്പോൾ കിംഗ് ജെയിംസ് ഭാഷ്യപ്രകാരമുള്ള ബൈബിളിലെ എലിസബീതൻ അലങ്കാരഭാഷയും പ്രാസനിബദ്ധമായ ഗദ്യവും അതിനെ ഹീബ്രു ബൈബിളിനേക്കാൾ സാഹിത്യഭംഗിയുള്ളതാക്കിയിട്ടുണ്ട് എന്നാണ് പൊതുവായ കാഴ്ചപ്പാട്.



**അനനുകരണീയത, പരമമായ സൗന്ദര്യം, മനുഷ്യരചനയ്ക്ക് സാധിക്കാത്ത സംവേദനശക്തി എന്നിവയാണ് സ്വന്തം ദൈവികതയ്ക്ക് ഖുർആൻ സ്വയം നൽകിയ തെളിവുകൾ. ഖുർആൻ സുന്ദരമാണ്, അതുകൊണ്ട് അത് ദൈവികമാണ് എന്നതായിരുന്നു വെളിപാടിനെ സംബന്ധിച്ച പ്രവാചകന്റെ നിലപാട്**

ബൈബിളിന്റെ നേർവിപരീതമാണ് ഖുർആന്റെ അവസ്ഥ. അറബിഭാഷ കണ്ട ഏറ്റവും സുന്ദരമായ സാഹിത്യരചനയാണ് ഖുർആൻ. വിശ്വാസത്തിന്റെ ഫലമല്ല അതിന്റെ സാഹിത്യഭംഗി; മറിച്ച്, വിശ്വാസത്തിന് സാഹിത്യഭംഗി കാരണമാവുകയാണ്. ഖുർആന്റെ സാഹിത്യം ഉത്കൃഷ്ടമാണെന്ന സൗന്ദര്യശാസ്ത്രപരമായ തീർപ്പ് വിശ്വാസത്തിന്റെ ഫലമായുള്ള പ്രഖ്യാപനമല്ല. സാഹിത്യവിശകലനം വഴി എത്തിച്ചേരുന്ന നിരൂപണപരമായ വിധിതീർപ്പാണത്. മുസ്‌ലിംകൾ മാത്രമല്ല അറബിഭാഷയുടെ സൗന്ദര്യവും സാഹിത്യവും അറിയുന്ന അമുസ്‌ലിംകളും ഇതംഗീകരിക്കുന്നു. സൗന്ദര്യത്തിന് വിശ്വാസം ആധാരമാവുന്നതിനു പകരം വിശ്വാസത്തിന് സൗന്ദര്യം ആധാരമാവുകയാണ് ഖുർആന്റെ കാര്യത്തിൽ. സൗന്ദര്യം ഖുർആന്റെ ദൈവികതയ്ക്ക് തെളിവും ഹേതുവുമാവുകയാണ്. വേദഗ്രന്ഥത്തിന്റെ ഉദാത്തമായ സൗന്ദര്യം അത് വെളിപാടാണെന്ന വാദത്തിന്റെ സത്യാവസ്ഥയ്ക്ക് ആധാരമാവുന്ന മനുഷ്യവംശത്തിന്റെ ഏകമതമാണ് ഇസ്‌ലാം. അവതരണത്തെ സംബന്ധിച്ച ഖുർആന്റെ അവകാശവാദത്തെ നിരുപാധികം അംഗീകരിക്കുന്നതിന് അറബിസാഹിത്യം അറിയാവുന്ന നിരൂപണമനസ്സിന്റെ വിലയിരുത്തലിനെ ഇസ്‌ലാം വിശ്വാസത്തിലെടുക്കുന്നു.

പ്രവാചകനും മക്കയിലെ അദ്ദേഹത്തിന്റെ എതിരാളികൾക്കുമിടയിലെ ക്ഷോഭാകുലമായ തർക്കം ഇതായിരുന്നു: വ്യാജദൈവങ്ങളെ ഉപേക്ഷിക്കാനും മോശമായ ജീവിതശൈലി വെടിയാനും മക്കയിലെ ജനങ്ങളെ പ്രവാചകൻ ആഹ്വാനം ചെയ്തു. തന്റെ ആഹ്വാനം ദൈവ

ത്തിൽനിന്നുള്ളതാണെന്നും പ്രവാചകൻ അവകാശപ്പെട്ടു. സമൂലമായ മാറ്റം ആവശ്യപ്പെടുന്ന വെളിപാട് ദൈവത്തിൽനിന്നുള്ളതാണെന്നായിരുന്നു പ്രവാചകന്റെ വാദം. മക്കയിലെ ജനത തങ്ങളുടെ സമ്പ്രദായങ്ങളെയും ആരാധനാമൂർത്തികളെയും ആചാരങ്ങളെയും കൈവെടിയാൻ കൂട്ടാക്കിയില്ല. അതിനാൽ അവർ അദ്ദേഹത്തെ ചെറുത്തു. പുതിയ അധ്യാപനങ്ങളുടെ ആധികാരികതയെ അവർ തള്ളിക്കളഞ്ഞു. ഖുർആന്റെ കർത്താവ് ദൈവമല്ല, മറിച്ച് മുഹമ്മദ് തന്നെയാണെന്നായിരുന്നു അവരുടെ വാദം, അല്ലെങ്കിൽ മറ്റേതെങ്കിലും ഗുരുവിൽനിന്ന് മുഹമ്മദ് സ്വീകരിച്ചത്. വെളിപാട് ദൈവികമല്ലെന്നും മനുഷ്യനിർമിതമാണെന്നും അതിനാൽതന്നെ അതിന് ആധികാരികതയില്ലെന്നും അവർ വാദിച്ചു. ഖുർആൻ ദൈവികമാണെന്നതിന് മുഹമ്മദ് നൽകിയ തെളിവെന്താണ്? മോശെയും യേശുവും ചെയ്തതുപോലെയുള്ള അത്ഭുതപ്രവൃത്തികൾ[7] അദ്ദേഹം കാണിച്ചുവോ? മുഹമ്മദിന് അങ്ങനെയൊന്ന് രചിക്കാനാവില്ലെന്നും അഥവാ അതിനുള്ള അമാനുഷികശക്തി മുഹമ്മദിനില്ലെന്നും പ്രത്യുത, അദ്ദേഹം ദൈവികവെളിപാടിന്റെ സ്വീകരണി മാത്രമാണെന്നും ഖുർആൻ മറുപടി പറഞ്ഞു.[8] ഖുർആൻ ദൈവികമാണെന്നതിന്റെ തെളിവ് ഖുർആൻ തന്നെയാകുന്നു. അനനുകരണീയത, പരമമായ സൗന്ദര്യം, മനുഷ്യരചനയ്ക്ക് സാധിക്കാത്ത സംവേദനശക്തി എന്നിവയാണ് സ്വന്തം ദൈവികതയ്ക്ക് ഖുർആൻ സ്വയം നൽകിയ തെളിവുകൾ. ഖുർആൻ സുന്ദരമാണ്, അതുകൊണ്ട് അത് ദൈവികമാണ് എന്നതായിരുന്നു വെളിപാടിനെ സംബന്ധിച്ച പ്രവാചകന്റെ നിലപാട് എന്ന് ഇതിൽനിന്ന് ഗ്രഹിക്കാം. നബി കൊണ്ടുവന്ന മതത്തിന്റെയും അതിന്റെ ആധാരമായ ഖുർആന്റെയും സത്യാവസ്ഥയ്ക്ക് ഒരേയൊരു പിൻബലമാണുള്ളത്: ഖുർആന്റെ സൗന്ദര്യമാണത്. അനനുകരണീയമാംവിധം സുന്ദരമാണ് ഖുർആനെന്നും അതിനാൽ അത് അമാനുഷികമാണെന്നും നബി അവകാശപ്പെട്ടു. ഈ അവകാശവാദത്തിന് ഖുർആന്റെ അംഗീകാരവുമുണ്ടായിരുന്നു. ഖുർആന്റെ ഈ അമാനുഷികതയെയാണ് *ഇഅ്ജാസ്* എന്നു പറയുന്നത്.

പ്രവാചകന്റെ മക്കയിലെ എതിരാളികൾ ഖുർആന്റെ അനനുകരണീയതാവാദത്തെ നിരാകരിക്കുകയും, അനുകരിക്കുകയല്ല കവച്ചുവയ്ക്കുക തന്നെ ചെയ്യാവുന്ന മനുഷ്യസൃഷ്ടിയാണെന്ന് വാദിക്കുകയും ചെയ്തു. സമാനമായ ഒരു ഗ്രന്ഥം രചിക്കാൻ വെല്ലുവിളിച്ചുകൊണ്ടാണ് ഖുർആൻ ഈ അവഹേളനത്തെ നേരിട്ടത്.[9] ഖുർആനിലേതുപോലെയുള്ള പത്ത് അധ്യായങ്ങൾ രചിക്കാൻ വെല്ലുവിളിച്ചു.[10] പക്ഷേ, ആ വെല്ലുവിളി ആരും ഏറ്റെടുത്തില്ല. സാഹിത്യവൈഭവത്തിലും കവിതയിലും ഏറ്റവും മികച്ചവരായി അറബികൾ തങ്ങളെ കണക്കാക്കിയിരുന്നിട്ടുപോലും ഇതായിരുന്നു സ്ഥിതി. മക്കാവാസികളായിരുന്നു അറബ്സാഹിത്യകൊടുമുടിയുടെ ഉച്ചിയിൽ. ഖുർആൻ വെല്ലുവിളി ലഘൂകരിച്ചു. മുപ്പതുവാക്കുകളിൽ താഴെ മാത്രമുള്ള ഖുർആനിലെ ചെറിയ അധ്യായങ്ങൾക്ക് സമാനമായ ഒരധ്യായമെങ്കിലും രചിക്കുക; അതിനുവേണമെങ്കിൽ തങ്ങളുടെ ദൈവങ്ങളെയും സഹായത്തിന് കൂട്ടുക[11] എന്നാണ് ഖുർആൻ ആവശ്യപ്പെട്ടത്. സാഹിത്യചാരുതയിലും വാഗ്വൈഭവത്തിലും ഖുർആന്ന് ഒപ്പം നിൽക്കുകയോ മുന്തുകയോ ചെയ്യുന്ന ഏതാനും വാക്യങ്ങൾ രചിക്കാൻ ഖുറൈശികൾക്ക് സാധിച്ചിരുന്നെങ്കിൽ പ്രവാചകന്നും മക്കാനിവാസികൾക്കുമിടയിൽ നിലനിന്നിരുന്ന, ഒരുപാട് അനർഥങ്ങൾക്കും രക്തംചിന്തലിനും ഗോത്രവിഭജനങ്ങൾക്കും വിദ്വേഷത്തിനും ധനക്ലേശത്തിനുമൊക്കെയിടയാക്കിയ ശത്രുത ഒഴിവാക്കാമായിരുന്നു. മക്കക്കാർക്ക് വിജയിക്കുകയും ചെയ്യാമായിരുന്നു.

ഖുർആനുമായുള്ള മത്സരത്തെ അറബികവികളും സാഹിത്യകാരന്മാരും ഭയന്നിരുന്നെങ്കിലും മക്കയിലെ നേതാക്കൾ ഭയന്നിരുന്നില്ല. അറേബ്യയിലെ എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള കവികളോടും അവർ പിന്തുണ അഭ്യർഥിച്ചു. വിലപിടിച്ച സമ്മാനങ്ങൾ വാഗ്ദാനം ചെയ്തു. അക്കൂട്ടത്തിൽപെട്ട ഒരു കവി, വലീദുബ്നു മുഗീറഃ, പ്രവാചകന്റെ ഖുർആൻപാരായണം ശ്രവിച്ച് അതിൽ ആകൃഷ്ടനായി. മക്കയിലെ നേതാവ് അബൂജഹ്ൽ വലീദിനെ സന്ദർശിച്ചു പിന്തുണയ്ക്കുവേണ്ടി മക്കയിലെ സമ്പത്ത് മുഴുവൻ വാഗ്ദാനം ചെയ്തു. വീണ്ടും ഖുർആൻ ശ്രദ്ധിച്ചുകേട്ട ശേഷം വലീദ് അസന്ദിഗ്ധമായി പറഞ്ഞു: "കവിതയെയും സാഹിത്യത്തെയും സംബന്ധിച്ച് അറബികളിൽ ഏറ്റവും നന്നായറിയുക എനിക്കാണ്. ആ ആധികാരികത വച്ചുകൊണ്ട് ഞാൻ തീർത്തുപറയുന്നു, ഖുർആൻ മനുഷ്യന്റെയോ ജിന്നിന്റെയോ സൃഷ്ടിയല്ല. സവിശേഷമായ സൗന്ദര്യവും സംഗീതവും അതിനുണ്ട്. അറിയപ്പെടുന്ന എല്ലാറ്റിനെയും കടത്തിവെട്ടുന്ന പ്രകാശത്തിന്റെയും സൗന്ദര്യത്തിന്റെയും നിറകുടമാണത്." എന്നിട്ടും അബൂജഹ്ൽ നിർബന്ധിച്ചുകൊണ്ടിരുന്നു. നിർബന്ധത്തിനു വഴങ്ങി അവസാനം വലീദ് ഇങ്ങനെ പ്രഖ്യാപിച്ചു: "ഖുർആൻ അസാധാരണമാണ്. പക്ഷേ, മനുഷ്യരചനയാ

**ആദ്യമോ അവസാനമോ ഇല്ലാത്ത ഒരു ഗ്രന്ഥമാണ് ഖുർആൻ. എവിടെനിന്നും വായന ആരംഭിച്ച് എവിടെയും അവസാനിപ്പിക്കാം. അതനന്തമാണ്. അല്ലെങ്കിൽ അനന്തതയിലേക്കുള്ള ഒരു വാതായനം.**



ണ്. ആഭിചാരത്തിന്റെ ഫലമാണത്; ദൈവത്തിൽനിന്നുള്ളതല്ല. അതനുകരിക്കാൻ കഴിയുകയില്ല."[12] മറ്റു കവികളും മത്സരാർഥികളും തങ്ങളുടെ രചനകൾ അവതരിപ്പിച്ചു. അവയുടെ പ്രായോജകർതന്നെ അവയെ തള്ളിക്കളയുകയായിരുന്നു. ഖുർആൻ അതിന്റെ വാക്കുകൾ കൊണ്ട് അത്യുജ്ജ്വലവും അത്യാകർഷകവുമായ ശക്തിവിശേഷം പ്രസരിപ്പിച്ചു. എന്തിനെയും തരിപ്പണമാക്കുന്നതും ഇളക്കിമറിക്കുന്നതും പ്രശാന്തമാക്കുന്നതുമായിരുന്നു അത്. അത് ശ്രവിച്ചവരെല്ലാം അവരുടെ സാമൂഹികപദവിയും നിലയും എന്തായാലും അതിന്റെ ദൈവികസാന്നിധ്യത്തിനു മുന്നിൽ ശിരസ്സു നമിച്ചിട്ടുണ്ട്.

## അറബിഭാഷയുടെയും സംവർഗങ്ങളുടെയും വളർച്ച നിലയ്ക്കുന്നു

ദൈവവചനം എന്ന നിലയ്ക്ക് മുസ്‌ലിംകൾ ഏറ്റവും ആദരിക്കുന്ന വസ്തു ഖുർആനാണ്. അതിൽ ദൈവികസാന്നിധ്യമുണ്ട്. ഏറ്റവും മഹത്തായ ആദരവും അതാവശ്യപ്പെടുന്നു. അത് സ്വന്തമാക്കുക എന്നതാണ് ഒരു മുസ്‌ലിമിന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യം. അത് ഹൃദിസ്ഥമാക്കുക, പാരായണം ചെയ്യുക, വ്യാഖ്യാനിക്കുക, അർഥം ഗ്രഹിക്കുക -ഇവയാകുന്നു മുസ്‌ലിംകൾ ഏറ്റവും വിലകൽപിക്കുന്ന പ്രവൃത്തികൾ. ഇസ്‌ലാം സ്വീകരിച്ച അനറബികൾ സാധ്യമായ എല്ലാ നിലയ്ക്കും അറബിയിൽ വ്യുൽപത്തി സമ്പാദിച്ചു. അവരിൽ പലരും അറബികളേക്കാൾ നന്നായി അറബിയിൽ പ്രാവീണ്യം നേടി. അറബിസാഹിത്യത്തിൽ നേട്ടത്തിന്റെ ശൃംഗങ്ങൾ കീഴടക്കിയ അനറബികളായ കവികളും നിരൂപകരും ഗദ്യകാരന്മാരും എണ്ണിക്കണക്കാക്കാൻ പറ്റാത്ത വിധം അധികമുണ്ട്. അറബിവ്യാകരണം, പദഘടന, സംജ്ഞാശാസ്ത്രം, സാഹിത്യനിരൂപണം എന്നിവയെ വികസിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും പ്രധാനപ്പെട്ട സംഭാവനകൾ നൽകിയവർ അവരിൽ നിരവധിയാണ്. അവരെക്കൂടാതെ അറബ്പൈതൃകം അപൂർണമായിരിക്കും. മുസ്‌ലിംകളായ അറബികളും തങ്ങളുടെ നിലയ്ക്ക്, ഇസ്‌ലാമിന്റെ ആവിർഭാവശേഷം മാതൃഭാഷയുടെ പ്രചാരണം തങ്ങൾക്ക് വലിയൊരു ബഹുമതിയും അനുഗ്രഹവുമാണെന്നു കണ്ടു. മുഹമ്മദ് നബിയുടെ ആളുകളാവുക, നബിയുടെ ഭാഷയിൽ സംസാരിക്കുക, ഖുർആന്റെ ഭാഷയിൽ ചിന്തിക്കുക ഇവ അവർ അതീവതാൽപര്യത്തോടെ സംരക്ഷിച്ചുപോന്ന ബഹുമതികളായിരുന്നു. അറബിയുമായും അതുവഴി ഖുർആനുമായും അടുത്ത ബന്ധം സ്ഥാപിക്കുന്നത് ദൈവവുമായി അടുക്കുന്നതുപോലെയായിരുന്നു എല്ലാ മുസ്‌ലിംകൾക്കും. ഇത് മുസ്‌ലിംകളെ അറബിഭാഷയെ സംരക്ഷിക്കുന്നതിനും അതിന്റെ ശൈലിയും പ്രയോഗവുമെല്ലാം നിത്യജീവിതത്തിൽ സജീവമാക്കിനിർത്തുന്നതിനും പ്രേരിപ്പിച്ചു. ഖുർആന്റെ സൗന്ദര്യം ആസ്വദിക്കുക എന്നതിനായിരുന്നു എല്ലാറ്റിനും ഉപരിയായി അവർ പ്രാമുഖ്യം കൽപിച്ചത്.

ഖുർആൻ ദൈവവാക്യമായി സ്ഥിരീകരിക്കപ്പെട്ടതിന് മറ്റൊരു സുപ്രധാന ഫലവുമുണ്ടായി. ഖുർആൻ ദൈവവചനമാകയാൽ അനശ്വരമാണ്. അതിൽ ഒരു മാറ്റവും വരുത്താവതല്ല. അതിനാൽ അതിലെ പ്രയോഗങ്ങൾക്ക് അർഥവ്യതിയാനം വരാൻ അവർ അനുവദിച്ചില്ല. അല്ലെങ്കിൽ ഖുർആൻ അവർക്ക് അന്യമായിപ്പോകുമായിരുന്നു. ഖുർആൻ എക്കാലത്തേക്കുമുള്ളതാവണമെങ്കിൽ അതിന്റെ ഭാഷയും അങ്ങനെയായിരിക്കണം. ഖുർആൻ ഉപയോഗിച്ച വാക്കുകൾക്ക് ഭാഷയിൽ അതേ അർഥം തന്നെ നിലനിൽക്കണം. സ്ഥലകാലവിധേയമായി വാക്കുകളുടെ അർഥം മാറിപ്പോയാൽ ഖുർആൻ ദുർഗ്രഹമായിമാറും. അനശ്വരം എന്നതിൽനിന്ന് പണ്ട് ഉണ്ടായിരുന്നതും ഇപ്പോഴില്ലാത്തതുമായ ഒന്നായിത്തീരും ഖുർആൻ. അപ്പോൾപിന്നെ ചരിത്രപരമോ അക്കാദമികമോ ആയ പ്രസക്തി മാത്രമേ അതിനുണ്ടാവുകയുള്ളൂ. മാർഗദർശകം എന്ന ഗുണം നഷ്ടപ്പെടും.

ഖലീഫാ അൽ മഅ്മൂൻ (ഹി.197-217/ക്രി. 813-833) ഇബ്നു അബൂദുആദിനെ മുഖ്യന്യായാധിപനായി നിശ്ചയിച്ചപ്പോഴുണ്ടായ വിവാദത്തിന്റെ നാരായവേര് ഇതായിരുന്നു. ഖുർആൻ സൃഷ്ടിയാണെന്ന് വാദിച്ച മുഅ്തസിലീവിഭാഗത്തിൽപെട്ട ആളായിരുന്നു ന്യായാധിപൻ. ഇബ്നു അബൂദുആദ് തന്റെ പദവി മുഅ്തസിലീ ആശയം പ്രചരിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തി. ഇമാം അഹ്മദുബ്നു ഹമ്പൽ (240/853) ഇതിനെതിരെ രംഗത്തുവന്നു. ഖുർആൻ സൃഷ്ടിയാണെന്ന് വാദിക്കുന്നതിനർഥം അതിനെ സ്ഥലകാലപരിമിതിയിൽ ഒതുക്കുക എന്നതായിരിക്കും. അപ്പോൾ ചരിത്രത്തിന്റെ പരുവപ്പെടുത്തലിന് അതു വിധേയമായിത്തീരും. അങ്ങനെ അതിന്റെ വിശുദ്ധി നഷ്ടമാവുകയും മുസ്‌ലിംമനസ്സ് അതിൽനിന്ന് അകറ്റപ്പെടുകയും ചെയ്യും. മുഅ്തസിലികളുടെ പതനവും അവരുടെ സിദ്ധാന്തത്തിന്റെ തിരോധാനവുമാണ് പിന്നീട് സംഭവിച്ചത്. ഖുർആൻ വിജയിച്ചു. രൂപത്തിലും ഉള്ളടക്കത്തിലും ആശയത്തിലും മാത്രമല്ല, ഭാഷയിലും ഖുർആൻ സൃഷ്ടിയല്ലെന്ന് അംഗീകരിക്കപ്പെട്ടു. ഖുർആൻ മൊഴിമാറ്റം ചെയ്യുക എന്ന ആശയം തന്നെ അവരുപേക്ഷിച്ചു. ഖുർആന്റെ ഭാഷയായ അറബി പഠിക്കുന്നത് പ്രധാനപ്പെട്ട മതപരമായ ചുമതലയായി അവർ കണ്ടതിനാലാണിത്. അതിന്റെ വാക്കുകളും പ്രയോഗങ്ങളും കൈകാര്യം ചെയ്യുമ്പോൾ തങ്ങൾ ദൈവവുമായി ബന്ധം സ്ഥാപിക്കുകയാണ് എന്ന് അവർ വിശ്വസിച്ചു.

ഖുർആൻ അല്ലാഹുവിന്റെ വാക്കാണ് എന്ന ബോധ്യത്തിന്റെ മൂന്നാമത്തെ ഫലം അറബിഭാഷയെ സംബന്ധിച്ച മുഴുവൻ സങ്കൽപങ്ങളും ഖുർആൻ സമൂർത്തമായി നിർണയിച്ചു എന്നതാണ്. അറബിഭാഷയുടെ വ്യാകരണവും ക്രിയാരൂപങ്ങളും പദഘടനയും ശൈലിയും ഘടനയും സൗന്ദര്യവുമെല്ലാം മുമ്പെങ്ങുമില്ലാത്തവിധം ഖുർആൻ വ്യവസ്ഥാപിതമായി നിർണയിച്ചു. അറബിഭാഷയുടെ വ്യാകരണവും പദനിർധാരണവും ഖുർആനിൽനിന്നാണ് വൈയാകരണന്മാർ കണ്ടെത്തിയത്. കവികൾ അലങ്കാരങ്ങൾക്ക് ആധാരമാക്കിയതും ഖുർആനാണ്. ഇസ്‌ലാമിനു മുമ്പത്തെ ഏതാനും കവിതകളും ആപ്തവാക്യങ്ങളും പഴമൊഴികളും കുറച്ച് ചരിത്രാഖ്യാനങ്ങളും പ്രഭാഷണശകലങ്ങളും ശേഷിച്ചു. അവ ഖുർആനിൽനിന്ന് വ്യതിചലിക്കുന്നേടത്ത് അവ ഒഴിവാക്കി ഖുർആൻ സ്വീകരിച്ചു. തന്മൂലം ഖുർആനെപ്പോലെ അറബിഭാഷയും സുസ്ഥിരവും അനശ്വരവുമായി ഉറച്ചു. കാലത്തിന്റെ ഗതിമാറ്റങ്ങളെ അതിജീവിക്കാൻ അറബിഭാഷയ്ക്ക് ഇങ്ങനെ സാധിച്ചു. ഖുർആനെ അതിന്റെ ഭാഷയായ അറബിയിൽനിന്ന് രൂപഭേദം വരുത്തി വേർപ്പെടുത്താൻ മുസ്‌ലിംമനസ്സ് ഒരിക്കലും കൂട്ടാക്കുകയുണ്ടായില്ല. ഖുർആന്റെ ഭാഷയല്ലാതെ മറ്റൊന്നുമായിരുന്നില്ല അറബിഭാഷ. ഒന്നിന്റെ അഭാവത്തിൽ മറ്റേത് സാധ്യമല്ലായിരുന്നു. രണ്ടും പരസ്പരം ശക്തിപ്പെടുത്തിക്കൊണ്ട് സജീവമായി നിലനിന്നു. ഒന്നു പഠിക്കുക എന്നതിനർഥം മറ്റേതിൽ ജീവിക്കുക എന്നും അതനുസരിച്ച് ചിന്തിക്കുക എന്നുമാണ്..... അറബിഭാഷയുടെ പദാവലിയും വാക്യക്രമവും വളർച്ച പൂർത്തീകരിച്ചുകഴിഞ്ഞു. ഇനിയത് വളരാനോ വികസിക്കാനോ ഇല്ല. മാറ്റത്തിന് വിധേയവുമല്ല. ഖുർആൻ അവതരിച്ചു പതിനാലു നൂറ്റാണ്ടിനുശേഷവും അറബിയിൽ സാമാന്യജ്ഞാനമുള്ള ആർക്കും ഖുർആൻ വായിച്ചുഗ്രഹിക്കാം. അതിന്റെ പ്രഥമ അഭിസംബോധിതർ മനസ്സിലാക്കിയ അതേപോലെത്തന്നെ. ഭാഷയിൽ വന്ന മാറ്റം കാരണം അറബി സംസാരിക്കുന്ന മുസ്‌ലിമിനും ഖുർആനുമിടയിൽ എന്തെങ്കിലും അകൽച്ച ഉണ്ടായിട്ടില്ല. പ്രവാചകന്റെ സമകാലികർ മനസ്സിലാക്കിയ അതേവിധം അറബി അറിയുന്നവർക്ക് ഇന്നും ഖുർആൻ മനസ്സിലാക്കാനുള്ള സാധ്യത അവശേഷിക്കുന്നു. പദസമ്പത്ത് മാത്രമായിരിക്കും ഇരുകൂട്ടർക്കുമിടയിലുണ്ടാകാവുന്ന ഏക വ്യത്യാസം. വ്യാകരണവും വാക്യഘടനയും അറിയാമെങ്കിൽ നിഘണ്ടുകൊണ്ട് പരിഹരിക്കാവുന്നതാണ് ഈ വ്യത്യാസം. ബൈബിളിന്റെ കാര്യത്തിലുള്ളതുപോലെ വ്യാഖ്യാനപ്രശ്നങ്ങളൊന്നും ഖുർആന്റെ കാര്യത്തിലില്ലാത്തത് ഇതുകൊണ്ടാണ്. ഒരു വാക്കിന് ഖുർആന്റെ അവതരണകാലത്തു

ണ്ടായിരുന്ന അർഥത്തെയും പിന്നീടുവന്ന മാറ്റങ്ങളെയും സംബന്ധിച്ചു മാത്രമേ വ്യാഖ്യാനപരമായി എന്തെങ്കിലും പ്രശ്നമുണ്ടാവാൻ ഇടയുള്ളൂ.

## ഖുർആന്റെ പ്രത്യയശാസ്ത്ര ഉള്ളടക്കം

ഇസ്‌ലാം സ്വയം വിശേഷിപ്പിക്കുന്നത് 'അദ്ദീൻ' അഥവാ 'സുനിശ്ചിതമതം' എന്നാണ്. അല്ലാഹുവിന്റെ ഏകത്വത്തിന് സാക്ഷ്യം വഹിക്കുക എന്ന തൗഹീദാണ് അതിന്റെ അടിസ്ഥാനതത്ത്വം.[13] മനുഷ്യരെ സംബന്ധിച്ചേടത്തോളം പ്രകൃതിമതമായാണ് (ദീനുൽ ഫിത്വ്റഃ) ഇസ്‌ലാം സ്വയം പരിഗണിക്കുന്നത്. അതായത് ജീവിതത്തിന്റെ സമസ്തമേഖലകളിലും മാർഗദർശകമായി മനുഷ്യനിൽ അല്ലാഹു നിക്ഷേപിച്ച ജ്ഞാനം പോലെയാണത്. ഇതിനർഥം ഇസ്‌ലാം ഒരു പുതിയ മതമല്ല എന്നാണ്. അതേറ്റം പുരാതനമാണ്, ദൈവത്തോടൊപ്പം തന്നെ നിലനിൽക്കുന്നത്. മുഹമ്മദ്നബിയുടെ മുമ്പും ഇതേ മതം വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്. എല്ലാ പ്രവാചകന്മാരുടെയും മതം അതായിരുന്നു.[14] ആദമിനെ അല്ലാഹു 'വസ്തുക്കളുടെ നാമങ്ങൾ പഠിപ്പിച്ചപ്പോൾ'[15] കൈമാറിയ മതം ഇതായിരുന്നു. ഇതര വെളിപാടുകളുമായുള്ള ഇസ്‌ലാമികവെളിപാടിന്റെ ബന്ധത്തെക്കുറിച്ച് പറയുമ്പോൾ മതസങ്കൽപത്തിന്റെയും ധാർമികതയുടെയും അടിസ്ഥാനമാതൃകയും തത്ത്വവും എന്ന നിലയ്ക്കാണ് ഇസ്‌ലാം സ്വയം വിവേചിക്കുന്നത്. നാം മുമ്പ് മനസ്സിലാക്കിയതുപോലെ ഇസ്‌ലാമിനുമുമ്പുള്ള വെളിപാടുകൾ നിയമങ്ങളോ ശാസനകളോ ആയിരുന്നു. ഇസ്‌ലാമിന്റെ ഊന്നൽ തത്ത്വങ്ങളിലാണ്. ആ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ദൈനംദിന ജീവിതത്തിനുവേണ്ട നിയമനിർദേശങ്ങൾ രൂപീകരിക്കാനുള്ള ചുമതല മനുഷ്യനാണ്. ഈ നിയമനിർദേശങ്ങളാണ് *ശരീഅത്ത്* (നിയമം) അഥവാ *മിൻഹാജ്* (പദ്ധതി). നിയമം കാലദേശാനുസൃതമായി മാറാവുന്നതാണെന്ന് വെളിപാട് തന്നെ അംഗീകരിക്കുന്നുണ്ട്. വിവിധ ജനസമൂഹങ്ങളുടെ ആവശ്യങ്ങളാണ് അവ പാലിക്കേണ്ട നിയമങ്ങളുടെ സ്വഭാവം നിർണയിക്കേണ്ടത്. നിയമത്തിന്റെ തത്ത്വവും ലക്ഷ്യവും മാറ്റമില്ലാതെ നിലനിൽക്കും. സൃഷ്ടിയിലുടനീളം അതങ്ങനെ നിലനിൽക്കുകയും വേണം. കാരണം, സ്രഷ്ടാവിന്റെ ഇംഗിതത്തെ പ്രതിനിധീകരിക്കുന്നത് അതാണ്.

ഇസ്‌ലാമികവെളിപാടിന് ഇതേക്കുറിച്ചുള്ള കാഴ്ചപ്പാടാണ് ചരിത്രത്തിൽ ദൈവദൂതുകളുടെ ആവർത്തനത്തെ വിശദീകരിക്കാൻ അതിനെ പ്രാപ്തമാക്കിയത്. ഗതകാലത്തെ വെളിപാടുനിയമങ്ങൾ കലർപ്പുകൾക്കു വിധേയമാവുകയും കാലഹരണപ്പെടുകയും ചെയ്തു. സമൂഹങ്ങളുടെ ആവശ്യങ്ങൾക്കിണങ്ങുന്ന പുതിയ വെളിപാടുകൾ അവയെ അതിജയിക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ടാണ് ഓരോ സമൂഹത്തിനും ഒന്നിലധികം വെളിപാടുകൾ ലഭിച്ചത്. ഓരോന്നും അതിനു മുമ്പുള്ളതിനേക്കാൾ പുരോഗമിച്ചതായിരുന്നു. അഭിസംബോധിതസമൂഹങ്ങളുടെ സവിശേഷസാഹചര്യങ്ങളെ സ്പർശിക്കുന്നവയായിരുന്നു അവ. എന്നാൽ, പ്രഥമതത്ത്വങ്ങളുടെ ആത്യന്തികലക്ഷ്യത്തിന്റെ കാര്യത്തിൽ അവയെല്ലാം ഒന്നായിരുന്നു. പഴയ നിയമം റദ്ദാക്കുകയും പുതിയത് അംഗീകരിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് വെളിപാട്. അതാണ് പ്രവാചകപരമ്പരയുടെ നിമിത്തം.

ഒരു പ്രത്യേക സമൂഹത്തിനുവേണ്ടി അവരുടെ ഭാഷയിൽ ആവിഷ്കൃതമായ വെളിപാട് തെറ്റായി മനസ്സിലാക്കപ്പെടുകയും ദുർവ്യാഖ്യാനത്തിന് വിധേയമാവുകയും ചെയ്തപ്പോഴും പ്രഥമതത്ത്വങ്ങളുടെ പുനഃപ്രസ്താവം ആവശ്യമായിവന്നു. ഭാഷയിൽ വന്ന മാറ്റമോ ജനങ്ങളുടെ കൂട്ടപലായനമോ ഇവ രണ്ടുമോ കാരണമായി ദൈവികസന്ദേശത്തിന്റെ ആശയം അപ്രാപ്യമായത് ഇതിന് കാരണമായിട്ടുണ്ടാവാം. ഈ മാറ്റംമൂലം ഗതകാല ദൈവികസന്ദേശത്തിന്റെ 'എന്ത്', 'എങ്ങനെ' എന്നിവ ആവർത്തിക്കപ്പെടേണ്ടത് അനിവാര്യമായിത്തീർന്നു. മനുഷ്യവംശവുമായുള്ള ദൈവത്തിന്റെ ആശയവിനിമയമാണ് ഇങ്ങനെ ആവർത്തിക്കപ്പെട്ട പ്രവാചകത്വം.

ഇസ്‌ലാമികവെളിപാട് 'എങ്ങനെ'യിൽ നിന്ന് 'എന്തി'നെ വേർപ്പെടുത്തി. 'എങ്ങനെ' എന്നത് ഇസ്‌ലാം മനുഷ്യന്റെ വിശേഷാധികാരമാക്കി. നിയമം വിശദീകരിക്കേണ്ട വിശ്വസ്തരാണവർ. സമൂഹങ്ങളുടെ മാറിവരുന്ന ആവശ്യങ്ങൾക്കും കാലത്തിനും സ്ഥലത്തിനുമനുസരിച്ച് വികസിപ്പിച്ച് അതിന്റെ സാർവകാലികവും സാർവജനീനവുമായ പ്രസക്തി നിലനിർത്തേണ്ടത് അവരാണ്. എന്നാൽ, ഈ മനുഷ്യപ്രയത്നം വിവിധ മതങ്ങളുടെ രൂപീകരണമായി കലാശിക്കാതിരിക്കണമെങ്കിൽ സുസ്ഥിരമായ ഒരടിസ്ഥാനതത്ത്വം അനുപേക്ഷ്യമാണ്. നിയമനിർമാണങ്ങൾക്ക് അവലംബമാക്കാവുന്ന മതപരവും ധാർമികവുമായ തത്ത്വങ്ങളാവണം അത്. അതാണ് ഖുർആൻ. മനുഷ്യസൃഷ്ടിപ്പിന്റെ ആദിതത്ത്വം ഉൾക്കൊള്ളുന്ന അന്തിമവും ഏകവുമായ ആധാരം. മാറ്റത്തിന് വിധേയമായേക്കാവുന്ന ശരീഅത്തിൽനിന്ന് ഭിന്നമായി ഖുർആൻ സ്ഥിരതയും വ്യക്തിത്വവും പ്രദാനം ചെയ്യുന്നു. അതുകൊണ്ടാണ് ഖുർആനും അത് മനസ്സിലാക്കാനാവശ്യമായ ഭാഷാസംവർഗങ്ങളും ഇനി മാറ്റത്തിന് വിധേയമാകാത്ത വിധം ഉറക്കേണ്ടത് അനിവാര്യമാവുന്നത്. ഖുർആൻ അറബിഭാഷയിലായതും ദൈവികപദ്ധതിയുടെ ഭാഗമാണ്.

ദൈവികപദ്ധതിയുടെ അനുപൂരകഭാഗങ്ങൾ എങ്ങനെ ഇത്ര ചേർച്ചയോടെ ഒത്തുവന്നു എന്ന് ചിന്തകന്മാർ അത്ഭുതപ്പെട്ടിട്ടുണ്ട്. അറബിഭാഷയുടെ പരിപൂർണ വളർച്ചയും കൃത്യതയും അറബികളുടെ വാഗ്പ്രിയതയും കവന, സാഹിത്യവൈഭവവുമെല്ലാം ദിവ്യതേജസ്സിന്റെ ഓരോ അനാവരണഘട്ടങ്ങളാണ് എന്ന് ചിലർ ഊഹിച്ചിട്ടുണ്ട്. ഖുർആന്റെ അവതരണത്തിന് അറേബ്യ തെരഞ്ഞെടുത്തതിന്റെ സാംഗത്യം ഖുർആൻ തന്നെ ഉന്നയിക്കുകയും മറുപടി പറയുകയും ചെയ്തിട്ടുണ്ട്. 'തന്റെ സന്ദേശം എവിടെ വയ്ക്കണമെന്ന് ഏറ്റവും നന്നായറിയുക അല്ലാഹുവിനാണ്' എന്നതാണ് വിശ്വാസത്തിന്റെ മറുപടി. ഭൗതികവും സാഹചര്യപരവുമായ കാരണങ്ങൾ മുഖേനയാണ് ദൈവം പ്രവർത്തിക്കുക എന്നതും വിശ്വാസത്തിന്റെ ഭാഗമാകുന്നു. നേരത്തേ പറഞ്ഞ അനുമാനത്തെ സാധൂകരിക്കുന്നതാണ് ഈ വസ്തുത. ദൈവികദൗത്യത്തിന്റെ സ്വഭാവം കൂടുതൽ ഉള്ളിലേക്കിറങ്ങി മനസ്സിലാക്കുന്നതിനുള്ള മനുഷ്യന്റെ ശ്രമമാണത്.

## ആശയരൂപവത്കരണഘടന

ഇസ്‌ലാമിന്റെ സാരസത്തയുടെ, ഉദാത്തമായ അറബിയിൽ ആവിഷ്കൃതമായ ആശയരൂപവത്കരണമാണ് അടിസ്ഥാനപരമായി ഖുർആൻ എങ്കിലും അതിലെ ഓരോ വാക്കും ഒരേ അളവിൽ ആ സത്താസാകല്യത്തിന്റെ ഭാഗമാകുന്നില്ല. ആശയരൂപവത്കരണഘടകങ്ങളുടെ പ്രാധാന്യത്തിലുള്ള ഈ ഏറ്റക്കുറവ് ഖുർആന്റെ സമഗ്രതയുടെ ഭാഗമാണ്. "ഈ ഗ്രന്ഥത്തിൽ നാം ഒന്നും വിട്ടുകളഞ്ഞിട്ടില്ല" (ഖുർആൻ 6:38). ഗ്രന്ഥത്തിൽ എല്ലാം ഉൾക്കൊള്ളണമെങ്കിൽ വ്യത്യസ്തമായ ക്രമവും അതിനുണ്ടായിരിക്കണം. കാരണം, എല്ലാറ്റിനും ഒരേ പദവി ആവുകയില്ല സ്വാഭാവികമായും ഉണ്ടാവുക. രണ്ടാമതായി, ഖുർആൻ മത-ധാർമികതത്ത്വങ്ങളെപ്പോലെ ദൈനംദിന ജീവിതത്തിനാവശ്യമായ നിയമനിർദേശങ്ങളും ഉൾക്കൊള്ളുന്നുണ്ട്. ഈ നിർദേശങ്ങൾക്ക് ഖുർആനിൽ ഇടം ലഭിക്കാൻ കാരണം ദൈവികപദ്ധതിയിൽ അവയ്ക്കുള്ള പ്രാധാന്യമാണ്. വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയവയെ സംബന്ധിച്ച ഖുർആന്റെ നിയമങ്ങളാണിവ. മനുഷ്യജീവിതത്തിന്റെ അടിസ്ഥാനശിലയായി ഇസ്‌ലാം പരിഗണിക്കുന്ന കുടുംബത്തെ നിയന്ത്രിക്കുന്നതായതുകൊണ്ടാണ് അവയെ ഗൗരവത്തോടെ കൈകാര്യം ചെയ്യുന്നത്. കുടുംബം എന്ന സ്ഥാപനമില്ലാതെ മനുഷ്യജീവിതം അസാധ്യമായതിനാൽ അതിന്റെ രൂപീകരണവും വിഘടനവും വളർച്ചയും പ്രവർത്തനവും സംബന്ധിച്ച നിയമ

ങ്ങൾക്ക് അടിസ്ഥാനതത്ത്വത്തിന്റെ തന്നെ പ്രാധാന്യമുണ്ട്. ഖുർആനിലുള്ള ഇതര നിയമങ്ങൾ ഖുർആനെ ആധാരമാക്കി നിർമിക്കേണ്ട നിയമങ്ങൾക്കുള്ള മാതൃകകളാണ്. സാമൂഹികഘടനയെ സംബന്ധിച്ച നിയമങ്ങൾ അത്തരത്തിൽപെട്ടതാണ്. സമൂഹവും സാമൂഹികക്രമവും മനുഷ്യബന്ധങ്ങളും നീതിയിലും തുല്യതയിലും അധിഷ്ഠിതമായിരിക്കണമെന്നത് അടിസ്ഥാനതത്ത്വത്തിന്റെ ഭാഗമാണ്. എന്നാൽ, സാമൂഹികക്രമത്തിന്റെ രൂപം വ്യത്യസ്തമാവാം. ഏതാദൃശമായ ഖുർആന്റെ ശാസന സോപാധികമാണ്. എന്നാൽ, തൗഹീദ്, നീതി, മാനവസ്വാതന്ത്ര്യം, ഉത്തരവാദിത്വം മുതലായ പ്രാഥമിക തത്ത്വങ്ങൾ കേവലവും സർവാതിശായിയുമാണ്.

പ്രതിപാദ്യവിഷയത്തെ ക്രമാനുബദ്ധമായല്ല ഖുർആൻ കൈകാര്യം ചെയ്യുന്നത് എന്ന കാര്യം ഓർക്കണം. സൗന്ദര്യപരമായ ഔന്നത്യത്തിനുവേണ്ട ഒരവശ്യഘടകത്തെ പൂർത്തീകരിച്ചുകൊണ്ട് ഖുർആനിൽ തത്ത്വങ്ങളും നടപടിക്രമങ്ങളും ഒരു ചരടിൽ മുത്തുകൾ എന്നപോലെ കോർത്തിണക്കപ്പെട്ടിരിക്കുന്നു. അധ്യായങ്ങളുടെ ക്രമീകരണവും അധ്യായത്തിലെ സൂക്തങ്ങളുടെ ക്രമീകരണവും വിഷയക്രമത്തിലല്ല. മാലാഖയുടെ നിർദേശാനുസൃതം പ്രവാചകൻ നൽകിയതും മുസ്‌ലിംകൾ ഖുർആന്റെ അവശ്യഘടകമായി പരിഗണിക്കുന്നതുമായ പ്രസ്തുത ക്രമം അറബിഭാഷയുടെയും സെമിറ്റിക് സാഹിത്യപാരമ്പര്യത്തിന്റെയും മേന്മയ്ക്കുള്ള ഉപാധി പൂർത്തീകരിക്കുന്നതാണ്. അനുക്രമമായി വികസിച്ച് ഒരു ലക്ഷ്യസ്ഥാനത്തെത്തിച്ചേരുന്ന പ്രതിപാദനശൈലിയല്ല ഖുർആന്റേത്. വ്യത്യസ്ത വിഷയങ്ങൾ പ്രതിപാദിക്കുന്ന സൂക്തസംയുക്തങ്ങളുടെ സംഘാതങ്ങൾ ശൃംഖലയായി അടുക്കിയിരിക്കുകയാണ്. ഓരോ സംഘാതവും പൂർണമാണ്; അവയിലുള്ളത് ഒന്നോ രണ്ടോ വരികളാണെങ്കിൽ പോലും. മൊത്തത്തിൽ ആദ്യമോ അവസാനമോ ഇല്ലാത്ത ഒരു ഗ്രന്ഥമാണ് ഖുർആൻ. എവിടെനിന്നും വായന ആരംഭിച്ച് എവിടെയും അവസാനിപ്പിക്കാം. അതനന്തമാണ്. അല്ലെങ്കിൽ അനന്തതയിലേക്കുള്ള ഒരു വാതായനം. മഹോന്നതമായ ആശയനിറതലത്തിലേക്ക്, ദൈവേഛയുടെ പ്രതിഫലനമായ മൂല്യങ്ങളുടെയും തത്ത്വങ്ങളുടെയും അനന്തവിഹായസ്സിലേക്ക് വായനക്കാരന് എത്തിനോക്കാൻ പറ്റുന്ന വാതായനം. അവയെ വിഷയക്രമത്തിൽ വിശകലനം ചെയ്യുക എന്നത് മനുഷ്യൻ നടത്തുന്ന പാഴ്ശ്രമമാവും.

ഖുർആന്റെ ആശയസൗധത്തിന്റെ ഏറ്റവും മധ്യത്തിലുള്ളത് ഏകനും നിസ്തുലനും സർവവ്യാപിയുമായ സ്രഷ്ടാവാണ്. സകലത്തിന്റെയും കാരണവും വിധികർത്താവും അവനാകുന്നു. അവന്റെ പ്രകൃതിയും ഇഛയും സൃഷ്ടികർമവും മനുഷ്യനെ ക്കൊണ്ടുള്ള അവന്റെ ഉദ്ദേശ്യവും അതിനായി നൽകിയിട്ടുള്ള മാർഗദർശനവും മുഹമ്മദ് ഉൾപ്പെടെയുള്ള പ്രവാചകന്മാരിലൂടെ വെളിപ്പെടുത്തിയ ഇഛയുമാണ് ഇസ്‌ലാമിന്റെ വിശ്വാസസംഹിത അഥവാ *അഖീദ.*

ഈ കേന്ദ്രാശയത്തിനു ചുറ്റുമായി ദിവ്യത്വത്തോടുള്ള മനുഷ്യപ്രതികരണത്തെ നിയന്ത്രിക്കുന്ന രീതിശാസ്ത്രപരമായ തത്ത്വങ്ങളുടെ ഒരു സംഹിതയുണ്ട്. ഈ തത്ത്വങ്ങൾ ചേർന്ന് ഒരു ലോകവീക്ഷണം രൂപപ്പെടുത്തുന്നു. താഴെ പറയുന്ന കാര്യങ്ങൾ ഉൾച്ചേർന്നതാണ് പ്രസ്തുത ലോകവീക്ഷണം:

1. യുക്തിപരത: സാമാന്യബോധത്തിനും യുക്തിക്കും ഇണങ്ങുന്നതാണ് മതവിജ്ഞാനം ഉൾപ്പെടെയുള്ള എല്ലാ അറിവുകളും. കെട്ടുകഥകളെയും യുക്ത്യാഭാസങ്ങളെയും ഒഴിവാക്കി തെളിവും ന്യായവും അംഗീകരിക്കുന്നു. പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ തന്റെ അറിവും വീക്ഷണവും മാറ്റാനും മുന്നോട്ടുകൊണ്ടുപോകാനുമാവശ്യമായ തുറസ്സ് അത് നൽകുന്നു.

2. മാനവികത: മനുഷ്യരെല്ലാം പാപരഹിതരായി ജനിച്ചു. ആദിപാപമോ കുറ്റമോ ഇല്ല. ഇതാണൊന്ന്. രണ്ടാമത്തേത്, മനുഷ്യൻ സ്വതന്ത്രനാണ് എന്നതാണ്. തന്റെ ബോധത്തിനനുസരിച്ച് ഏതു മാർഗവും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവനുണ്ട്. പദാർഥത്താലോ സാമൂഹികക്രമത്താലോ നിയന്ത്രിതമല്ല അവന്റെ ചലനവും ചേഷ്ടയും. മൂന്നാമതായി, ദൈവത്തിനും നിയമത്തിനും മുന്നിൽ എല്ലാവരും തുല്യരാണ്. വംശം, വർണം, ഭാഷ, സംസ്കാരം, മതം, സാമൂഹികപദവി ഇവയുടെ അടിസ്ഥാനത്തിലുള്ള ഒരു വിവേചനവും നിയമവിധേയമല്ല. നാലാമതായി, ശരിതെറ്റുകളെയും നന്മതിന്മകളെയും സംബന്ധിച്ച് തീരുമാനമെടുക്കാൻ പ്രകൃത്യാ തന്നെ കഴിവുള്ളവനാണ് മനുഷ്യൻ. കാരണം, ഈ കഴിവിന്റെ അഭാവത്തിൽ മനുഷ്യത്വമോ ധാർമികവൈശിഷ്ട്യമോ അതിന്റെ വിപരീതമോ സാധ്യമാവുകയില്ല. അഞ്ചാമതായി, മനുഷ്യൻ ഉത്തരവാദിത്വമുള്ളവനാണ്. ഇവിടെവച്ചോ പരലോകത്തുവച്ചോ തങ്ങളുടെ പ്രവൃത്തിയുടെ ഫലം തീർത്ത് അവർക്ക് സ്രഷ്ടാവിൽനിന്ന് ലഭിക്കും. കണക്ക് ബോധിപ്പിക്കാൻ ബാധ്യസ്ഥനാണ് മനുഷ്യൻ.

3. ലോകം ജീവിതത്തിനുവേണ്ടി: ദൈവം ജീവൻ സൃഷ്ടിച്ചത് ജീവിക്കുന്നതിനുവേണ്ടിയാണ്. അല്ലാതെ അത് നിഷേധിക്കുന്നതിനുവേണ്ടിയല്ല. ലോകം ആസ്വദിക്കപ്പെടണം. സൃഷ്ടിജാലങ്ങൾ മനുഷ്യനുവേണ്ടിയുള്ളതാണ്. മനുഷ്യന്റെ താൽപര്യങ്ങൾക്കും ആഗ്രഹങ്ങൾക്കു മൊത്ത് അതിൽ രൂപഭേദങ്ങൾ വരുത്താം. അതിനാൽ ലോകവും ജീവിതവും വികസിപ്പിക്കേണ്ടതാണ്. സംസ്കാരവും നാഗരികതയും വളരണം. ജ്ഞാനം, തഖ്‌വ (ഭക്തി), ഇഹ്സാൻ (നന്മ), സൗന്ദര്യം എന്നിവയിൽ അധിഷ്ഠിതമായി മനുഷ്യൻ ആത്മാവിഷ്കാരം നടത്തണം.

4. സാമൂഹികത: മനുഷ്യസമൂഹത്തിലെ അംഗത്വവും അതിന് നൽകുന്ന സംഭാവനയുമാണ് മനുഷ്യന് പ്രാപഞ്ചികമൂല്യം നൽകുന്നത്. വ്യക്തിസ്വത്വം തീർച്ചയായും അവന്റെ ലക്ഷ്യമാകുന്നു. എന്നാൽ, സമഷ്ടിസ്വത്വം കൂടുതൽ വലിയ ലക്ഷ്യമാണ്.

ഈ തത്ത്വങ്ങൾക്ക് പുറമെ നേരിട്ടു വ്യക്തമാക്കപ്പെട്ടതോ നിർധാരണത്തിലൂടെ മനസ്സിലാക്കാവുന്നതോ ആയ സദാചാരതത്ത്വങ്ങളും ഖുർആൻ ഉൾക്കൊള്ളുന്നു. അവയാണ് വ്യക്തികൾക്കും പറ്റങ്ങൾക്കും മാർഗബോധം നൽകുന്ന ഇസ്‌ലാമിന്റെ സാമൂഹികമൂല്യങ്ങളും സദാചാരനിയമങ്ങളും രൂപപ്പെടുത്തുന്നത്. ധാർമികമൂല്യങ്ങളുടെയും നടപടിക്രമങ്ങളുടെയും ആധ്യാത്മശാസ്ത്രമാണ് അടിസ്ഥാനപരമായി ഖുർആൻ.

ഇസ്‌ലാമിന്റെ സ്ഥാപനങ്ങൾ ഖുർആനികസത്ത ഉൾക്കൊള്ളുന്നുണ്ട്. മനുഷ്യപ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളെയും ഇത് ചൂഴ്ന്നുനിൽക്കുന്നു. മതപരവും സദാചാരപരവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവും നിയമപരവും സൈനികവുമായ മുഴുവൻ കാര്യങ്ങളും അതുൾക്കൊള്ളുന്നു.

(*കൾച്ചറൽ അറ്റ്ലസ് ഓഫ് ഇസ്‌ലാം* എന്ന ഗ്രന്ഥത്തിൽനിന്ന്).

**വിവ: എ.കെ. അബ്ദുൽമജീദ്**

*കുറിപ്പുകൾ*


1. വില്യം മൂർ -*ദ ലൈഫ് ഓഫ് മുഹമ്മദ്*, എഡിൻബറോ, ജോൺഗ്രാന്റ്, 1923, പേ: 28.
2. ഖുർആൻ 53: 4, 38: 70, 18: 10. യിരമ്യ 23: 29–30
3. ഖുർആൻ 18: 110, 14; യിരമ്യ 5: 14
4. യിരമ്യ 23: 29
5. യിരമ്യ 23: 31
6. ഖുർആൻ 4: 105, 26: 195, 12: 2, 20:113, 3: 7, 75: 16,17, 69: 45–46
7. ഖുർആൻ 17:90–93
8. ഖുർആൻ 41: 6
9. ഖുർആൻ 18: 110, 52: 34
10. ഖുർആൻ 11: 13
11. ഖുർആൻ 17: 88
12. മുഹമ്മദുബ്നു ഇസ്ഹാഖ് (151/769), മുഹമ്മദുബ്നു ഹിശാം (218/834)- *സീറത്തുന്നബി*(സ), സംശോധന എം.എം. അബ്ദുൽഹമീദ് (കയ്റോ) വാല്യം: 1, പേ: 174–175. സംഭവം ഖുർആൻ 74: 11–31-ൽ സ്ഥിരീകരിച്ചിട്ടുണ്ട്.
13. ഖുർആൻ 3: 18
14. ഖുർആൻ 3: 19, 30: 30
15. ഖുർആൻ 2: 31